# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 948

12.06.2013 ൽ മറുപടിക്ക്

### ടൂറിസം വികസനത്തിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ടൂറിസം വികസനത്തിന് വേണ്ടി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാരമേള, റോഡ് ഷോ എന്നിവയും ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോ എന്നിവയും നടത്തിവരുന്നു. ഡ്രീം സീസൺ എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നീണ്ടുനിൽക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങി ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങളിലൂടെയും, സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവങ്ങൾ, നിശാഗന്ധി നൃത്തോത്സവം എന്നീ പരിപാടികൾ സംഘടിപ്പിച്ചും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. |
| ബി) കേരളത്തിന്റെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്ന എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | ബി) കേരളത്തിന്റെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ഏകോപിപ്പിക്കുന്നതിനായി വിവിധ ടൂറിസം സർക്യൂട്ടുകളുടെ വികസനത്തിന് മുൻതൂക്കം നൽകി വരുന്നുണ്ട്. നോർത്ത് കേരള ടൂറിസം സർക്യൂട്ട്, ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ട്, എക്കോ ടൂറിസം സർക്യൂട്ട്, ബീച്ച് സർക്യൂട്ട്, ഹൈറേഞ്ച് സർക്യൂട്ട്, ഈസ്റ്റേൺ കോറിഡോർ പദ്ധതി, കോട്ടയം ഗ്രീൻ സർക്യൂട്ട് പദ്ധതി തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്. |

(സി) പരിസ്ഥിതി സംരക്ഷിക്കുന്നതിന് ടൂറിസം മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(സി) പാരിസ്ഥിതിക സംരക്ഷണത്തിലൂന്നിയ പദ്ധതികൾ മാത്രമേ ആവിഷ്ക്കരിക്കാവൂ എന്ന് പദ്ധതികൾ രൂപീകരിക്കുന്ന ആർക്കിടെക്റ്റുകൾ, കൺസൾട്ടന്റുമാർ തുടങ്ങിയവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷനിലൂടെ പരിസ്ഥിതി സൗഹൃദ പദ്ധതികൾ നടപ്പിലാക്കുന്ന ഹോട്ടലുകൾക്കു മാത്രമായി സബ്സിഡികൾ നിജപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ മാലിന്യ സംസ്ക്കരണവും നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) നടപ്പു സാമ്പത്തിക വർഷം ടൂറിസ്റ്റുകളുടെ എണ്ണത്തിൽ മുൻകാലങ്ങളേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

(ഡി) ടൂറിസ്റ്റുകളുടെ കണക്കുകൾ ശേഖരിക്കുന്നത് കലണ്ടർ വർഷാടിസ്ഥാനത്തിലാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് 2013 ൽ കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്.

- 2012 ജനുവരി മുതൽ ഡിസംബർ വരെ 7,93,696 വിദേശ ടൂറിസ്റ്റുകളും 1,00,76,854 തദ്ദേശ ടൂറിസ്റ്റുകളും കേരളത്തിലെത്തിയിട്ടുണ്ട്.
- 2012 ജനുവരി മുതൽ ഏപ്രിൽ വരെ 3,46,413 വിദേശ ടൂറിസ്റ്റുകളും 30,31,498 തദ്ദേശ ടൂറിസ്റ്റുകളും കേരളത്തിലെത്തിയപ്പോൾ 2013 ജനുവരി മുതൽ ഏപ്രിൽ വരെ ഏകദേശം 3,75,491 വിദേശ ടൂറിസ്റ്റുകളും 32,72,257 തദ്ദേശ ടൂറിസ്റ്റുകളും കേരളത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ